മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

YEARS OF CELEBRATING THE MAHATMA

2022 ജൂൺ 18

## വാർത്താക്കുറിപ്പ് (2)

---

# എൻ.എ.എ.സി. അക്രഡിറ്റേഷൻ: മുന്നേറ്റത്തിന് എം.ജി.

ഉന്നത വിദ്യാഭ്യാസ രംഗത്തെ ഗ്രേഡിംഗ് ഏജൻസിയായ നാഷണൽ അസസ്മെൻറ് ആൻറ് അക്രഡിറ്റേഷൻ കൗൺസിലിൻറെ (എൻ.എ.എ സി.) അക്രഡിറ്റേഷനുമായി ബന്ധപ്പെട്ട് ഉയർന്ന ഗ്രേഡ് ഉറപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ മഹാത്മാഗാന്ധി സർവ്വകലാശാല സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു. ഇതിൻറെ ഭാഗമായി അക്കാദമിക്, ഗവേഷണ, ഭരണ തലങ്ങളിലും മറ്റ് അനുബന്ധ മേഖലകളിലും ആവശ്യമായ നവീകരണ പദ്ധതികൾ നടപ്പാക്കും.

അഞ്ച് വർഷത്തിലൊരിക്കലാണ് നാക് (എൻ.എ.എ.സി.) പരിശോധനകൾ പൂർത്തിയാക്കി സ്ഥാപനങ്ങൾക്ക് ഗ്രേഡ് അനുവദിക്കുന്നത്. 2017-ൽ നടന്ന പരിശോധനയെ തുടർന്ന് 3.24 പോയിൻറോടെ 'എ' ഗ്രേഡ് കരസ്ഥമാക്കിയ സർവ്വകലാശാല കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ വിവിധ മേഖലകളിൽ നടപ്പാക്കിയ പരിഷ്കാരങ്ങളിലൂടെ ഇത്തവണ ഉയർന്ന ഗ്രേഡ് നിലവാരം സ്വായത്തമാക്കാമെന്ന പ്രതീക്ഷയിലാണ്. സർവ്വകലാശാലാ ആസ്ഥാനത്ത് ചേർന്ന സിൻഡിക്കേറ്റ് യോഗത്തിൽ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് അധ്യക്ഷനായിരുന്നു.

( പി.ആർ.ഒ./39/757/2022)

പി. സി. സുരേഷ് കുമാർ
പബ്ലിക് റിലേഷൻസ് ഓഫീസർ